# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2435 — 19.06.2013 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## വെള്ളക്കരം കുടിശ്ശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | | **പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്; | (എ) | 31.03.2013 വരെയുള്ള കണക്കുകൾ പ്രകാരം ജല അതോറിറ്റിക്ക് വെള്ളക്കരയിനത്തിൽ പിഴയും പിഴപ്പലിശയും ഉൾപ്പെടെ 394 കോടി രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കണക്കാക്കുന്നു. ഇതിൽ പകുതിയിലേറെ പിഴപ്പലിശയാണ്. |
| (ബി) | തുക പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ ; | (ബി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി പിഴപ്പലിശയിൽ ഇളവുകൾ നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ഗഡുക്കളായി കുടിശ്ശിക തീർക്കുന്നതിനുള്ള സൗകര്യവും ജല അതോറിറ്റി നൽകുന്നുണ്ട്. കുടിശ്ശിക നില നിൽക്കുന്ന കണക്ഷനുകൾക്ക് വിച്ഛേദന അറിയിപ്പുകൾ നൽകുകയും നിശ്ചിത സമയത്തിനുള്ളിൽ കുടിശ്ശിക തീർപ്പാക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കുകയും, ദീർഘനാളായി പണം ഒടുക്കാത്ത ഉപഭോക്താക്കൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (സി) | 2012-13 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റി കുടിശ്ശിക ഇനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ഓരോ സാമ്പത്തിക വർഷവും കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടുന്ന തുകയുടെ പ്രത്യേകമായ കണക്കുകൾ ജല അതോറിറ്റി സൂക്ഷിക്കുന്നില്ല. ആയതിനാൽ 2012-13-ൽ കുടിശ്ശിക ആയി പിരിഞ്ഞു കിട്ടിയ തുകയുടെ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഏകദേശ കണക്കുകൾ പ്രകാരം 67.86 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളതായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ